"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.പി.ടി.പ്രസാദിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1336/2022/LSGD തീയതി,തിരുവനന്തപുരം, 29-05-2022

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16.06.2020 ലെ ഇ14 (എസ്. സി 920/കെകെഡി) 3390/2020 നമ്പർ റിപ്പോർട്ട്
2. സർക്കാരിന്റെ 29.08.2021 ലെ ഇപിബി3/16/2021/തസ്വഭവ നമ്പർ കുറ്റപത്രം
3. ശ്രീ.പ്രസാദ്.പി.ടി 30.10.2021 ൽ ലഭ്യമാക്കിയ മറുപടി
4. പഞ്ചായത്ത് ഡയറക്ടറുടെ 25.01.2022 ലെ PAN/12146/2021 - D5 (DP) നമ്പർ റിപ്പോർട്ട്
5. സ.ഉ. (സാധാ) നം. 409/2022/LSGD തീയതി 22.02.2022
6. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.03.2022 ലെ DDP - KKD/2657/2021 - A5 നമ്പർ ഔപചരികാന്വേഷണ റിപ്പോർട്ട്

**ഉത്തരവ്**

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് വേണ്ടി സ്വകാര്യ വ്യക്തിയിൽ നിന്നും ഭരണസമിതി തീരുമാനപ്രകാരം സ്ഥലം ഏറ്റെടുത്തതിൽ അഴിമതി ഉണ്ടെന്ന സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ കോഴിക്കോട് യൂണിറ്റ് ഒരു മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.പി.ടി.പ്രസാദ് ചട്ടങ്ങൾക്കും പഞ്ചായത്ത് രാജ് ആക്ടിനും വിരുദ്ധമായി സ്വകാര്യ വ്യക്തികളുമായി ചേർന്ന് ആധാരം രജിസ്റ്റർ ചെയ്തതിനാൽ ടിയാനെതിരായി ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് വകുപ്പ് ശുപാർശ ചെയ്യുകയുണ്ടായി. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള കുറ്റങ്ങൾ മുൻ നിർത്തി ശ്രീ.പി.ടി പ്രസാദിനെതിരെ പരാമർശം (2) പ്രകാരം കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

സ്വകാര്യ വ്യക്തികളിൽ നിന്നും ബസ് സ്റ്റാൻഡ് നിർമ്മാണാവശ്യാർത്ഥം ഗ്രാമപഞ്ചായത്തിന് സ്ഥലം സൗജന്യമായി ദാനാധാരങ്ങൾ പ്രകാരം ലഭിച്ചതായി കാണുന്നുണ്ടെങ്കിലും പ്രസ്തുത ദാനാധാരങ്ങളിൽ സ്വകാര്യ വ്യക്തികൾക്ക് ലാഭം ഉണ്ടാകണമെന്ന ഉദ്ദേശത്തോടെ കെ.പി.ബി.ആറിനും, ലാൻഡ് റീലിൻകിഷ്മെന്റ് ആക്ടിനും, പഞ്ചായത്ത് രാജ് ആക്ടിനും വിരുദ്ധമായിട്ടാണ് നിബന്ധനകൾ വച്ചിട്ടുള്ളത്

എന്നും സൗജന്യമായി നൽകിയ സ്ഥലം കഴിച്ച് ബാക്കിയുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലെക്സിലേക്ക് യാതൊരു വഴിയും പഞ്ചായത്ത് തടസ്സപ്പെടുത്തുവാനോ ഷോപ്പിംഗ് കോംപ്ലെക്സിന് തടസ്സം വരുന്ന വിധത്തിൽ നിർമ്മാണ പ്രവർത്തി നടത്തുന്നതിന് പഞ്ചായത്തിന് അധികാരമില്ല എന്ന് ആധാരത്തിൽ വ്യവസ്ഥ ചെയ്തതായും കാണുന്നു. കൂടാതെ പഞ്ചായത്തിന് ലഭിച്ച സ്ഥലത്തിൽ ഒരു ബസ് സ്റ്റാൻഡും ഷോപ്പിംഗ് കോംപ്ലെക്സും നിർമ്മിക്കേണ്ടുന്നതായ യാതൊരു സാഹചര്യവും കാണുന്നില്ല എന്നത് മാത്രമല്ല ആയത് പഞ്ചായത്തിന് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിന് ഇടയാക്കുമെന്നും കാണുന്നില്ല എന്നും മാത്രമല്ല പഞ്ചായത്ത് തയ്യാറാക്കിയ 85 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ നടത്തിയാൽ ആയതിന്റെ മുഴുവൻ ഗുണവും ഭൂമി വിട്ടു നൽകിയ സ്വകാര്യ വ്യക്തികൾ നിർമിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിനും ഭൂമിയ്ക്കുമാണ് വന്നുചേരുന്നത് എന്നും ആയതിനാൽ ബസ് സ്റ്റാൻഡ് നിർമ്മാണാവശ്യത്തിലേയ്ക്ക് ഭൂമി ലഭിക്കുന്നതിലേയ്ക്ക് വേണ്ടി നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായും നിബന്ധനകൾ അനുവദിച്ചുകൊണ്ടും ആധാരം രജിസ്റ്റർ ചെയ്യാൻ പഞ്ചായത്ത് ഭരണ സമിതിയും സെക്രട്ടറിമാരും കൂട്ടുനിന്നത് തികച്ചും സ്വകാര്യ വ്യക്തികളുടെ വാണിജ്യ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി മാത്രമാണ് എന്ന് കാണുന്നു.. നയപരമായ തീരുമാനങ്ങൾ എടുക്കുവാൻ പഞ്ചായത്ത് ഭരണസമിതിയ്ക്ക് അധികാരമുണ്ടെങ്കിലും ആയത് സംബന്ധിച്ച് ചട്ടലംഘനങ്ങൾ അനുവദിക്കുവാൻ പാടില്ലാത്തതാണ്.

പ്രസ്തുത കുറ്റപത്രത്തിന് ശ്രീ.പി.ടി.പ്രസാദ് പരാമർശം (3) പ്രകാരം മറുപടി ലഭ്യമാക്കുകയും മറുപടിയിന്മേൽ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടിയാനെതിരെ 1960 ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം (5) പ്രകാരം കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും തുടർന്ന് പരാമർശം (6) പ്രകാരം കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് പ്രകാരം തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഉൾപ്പെടെയുള്ള ഭരണ സമിതി അംഗങ്ങൾ സ്ഥലമുടമകളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത സ്ഥലം സൗജന്യമായി പഞ്ചായത്തിന് വിട്ടു നൽകുന്നതിന് തയ്യാറായതും, അക്വിസിഷൻ നടപടികളിൽ നിന്നും ഗ്രാമപഞ്ചായത്ത് പിൻമാറാൻ ധാരണയായതുമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലമുടമകളുമായി ചേർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എഗ്രിമെന്റ് വെയ്ക്കുകയുണ്ടായി. അക്വിസിഷൻ നടപടികളിലൂടെ ഏറ്റെടുക്കാൻ ഉദ്ദേശിച്ച സ്ഥലം ഇങ്ങനെ സൗജന്യമായി ലഭിക്കുന്നതിന് ഇടയായിട്ടുള്ളതാണ്. തിരുവള്ളൂർ ജംങ്ഷനിൽ ഏറ്റവും അനുയോജ്യമായ സ്ഥലത്താണ് ബസ്സ്റ്റാന്റ് നിർമ്മിക്കുന്നതിന് 05.02.2007 ൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് നയപരമായ തീരുമാനമെടുക്കുകയുണ്ടായത്. 05.02.2007 ലെ ഭരണസമിതിയുടെ 2 ാം നമ്പർ തീരുമാന പ്രകാരം സ്ഥലമുടമകളുമായുള്ള എഗ്രിമെന്റ് അംഗീകരിക്കുന്നതിനും, സൗജന്യമായി നൽകുന്ന സ്ഥലം സ്വീകരിക്കുവാനും സ്ഥലം രജിസ്റ്റർ ചെയ്തതരുന്ന മുറയ്ക്ക് നിലവിലുള്ള അക്വസിഷൻ നടപടി നിർത്തിവെക്കുവാനും തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 62/2008 നമ്പർ ആധാര പ്രകാരം 25.99 സെന്റ് സ്ഥലം നിലവിലെ സ്ഥലം ഉടമകളായിരുന്ന ടി.ടി.കെ അഹമ്മദ് ഹാജി മുതൽ പേരിൽ നിന്ന് സൗജന്യമായി പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, 2005 പ്രകാരം ദാനാധാരമായി വാങ്ങിയിരുന്നു. പ്രസ്തുത ആധാര പ്രകാരം

അന്നത്തെ സെക്രട്ടറി ശ്രീ.മുഹമ്മദ് ഷഫീക്ക്.കെ.പി എന്നവരാണ് ഗ്രാമപഞ്ചായത്തിന് വേണ്ടി ഭൂമി രജിസ്റ്റർ ചെയ്ത് വാങ്ങിയിട്ടുള്ളത്. പ്രസ്തുത ആധാരത്തിൽ എഴുതി ചേർത്ത വ്യവസ്ഥകളാണ് ടി ഉടമസ്ഥൻ നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിലേക്ക് യാതൊരു വഴിയും പഞ്ചായത്ത് തടസ്സപ്പെടുത്തുവാനോ ഷോപ്പിംഗ് കോംപ്ലക്സിന് തടസ്സം വരുന്ന വിധത്തിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനോ പഞ്ചായത്തിന് അധികാരമില്ലാത്തതാണെന്നുമുള്ളത്. ബസ്സ്റ്റാന്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുന്ന അവസരത്തിലാണ് നിലവിലെ സ്ഥലം മതിയാകില്ലെന്ന് മനസ്സിലായതും, നേരത്തെ സ്ഥലം വിട്ട നൽകിയ ശ്രീ. ടി ടി കെ അഹമ്മദ് ഹാജിയെ തന്നെ വീണ്ടും സമീപിക്കുകയുണ്ടായതും, വീണ്ടും സ്ഥലം സൗജന്യമായി വിട്ടു നൽകാൻ ശ്രീ.ടി.ടി.കെ അഹമ്മദ് ഹാജി തയ്യാറായതെന്നും അന്വേഷണത്തിൽ ബോധ്യപ്പെട്ടു എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

30.08.2010 ലെ 92/10 നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം സ്ഥലം ദാനാധാരം ചെയ്ത് വാങ്ങുന്നതിന് തീരുമാനിക്കുകയും ആയതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ശ്രീ.പ്രസാദ് തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതല ഏറ്റെടുത്ത സമയത്താണ് മുൻ ആധാരത്തിലെ അതേ വ്യവസ്ഥയിൽ മാത്രം 1612/2011 നമ്പർ ആധാര പ്രകാരം 14.01 സ്ഥലം കൂടി ദാനാധാരമായി രജിസ്റ്റർ ചെയ്ത് വാങ്ങിയത്. ആയതിലേക്കായി ഗവ:പ്ലീഡറിൽ നിന്ന് ആവശ്യമായ നിയമോപദേശം വാങ്ങിയിരുന്നു. പഞ്ചായത്തിന് വിട്ട് നൽകിയ സ്ഥലത്ത് കൂടി സ്ഥലം വിട്ടു നൽകിയ കക്ഷിക്ക് വഴി നൽകണമെന്ന് ആധാരത്തിൽ ഒരിടത്തും പരാമർശിച്ചിട്ടില്ല. മറിച്ച് ഷോപ്പിംഗ് കോംപ്ലക്സിലേക്കുള്ള യാതൊരു വഴിയും പഞ്ചായത്തിന് തടസ്സപ്പെടുത്തുവാൻ അധികാരമില്ലെന്നാണ് പരാമർശിച്ചിട്ടുള്ളത്. അതുപോലെ പഞ്ചായത്തിന് വിട്ട നൽകിയ സ്ഥലത്ത് പഞ്ചായത്തിന്റെ കെട്ടിടം നിർമ്മിക്കുന്നതിനെതിരെയും യാതൊരു വ്യവസ്ഥയും ആധാരത്തിൽ വെച്ചിട്ടില്ല. മറിച്ച് ഷോപ്പിംഗ് കോംപ്ലക്സിന് തടസ്സം വരുന്ന വിധം നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് അധികാരമില്ല എന്ന വ്യവസ്ഥയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2005 ലെ പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിൽ സ്ഥലം സൗജന്യമായി വിട്ടു കൊടുക്കലിന് മറ്റ് വ്യവസ്ഥകൾ ഒന്നുംതന്നെ പ്രതിപാദിച്ചിട്ടില്ലാത്തതിനാലും, ഈ നിയമത്തിൽ മറ്റ് ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് വസ്തു സൗജന്യമായി ആർജ്ജിക്കേണ്ടത് എന്ന് പറഞ്ഞിട്ടില്ലാത്തതിനാലും വിഷയത്തിൽ സെക്രട്ടറി സ്വീകരിച്ച നടപടി തെറ്റാണെന്ന് ചൂണ്ടിക്കാണിക്കാൻ സാധിക്കില്ലെന്നും കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 250 ന്റെ പരിരക്ഷ ശ്രീ. പ്രസാദ് പി.ടി ക്ക് നൽകാവുന്നതാണെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സ്വകാര്യ വ്യക്തിക്ക് ലാഭം ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടെ കെ.പി.ബി.ആർ നും ലാന്റ് റിലിങ്കിഷ്മെന്റ് ആക്ടിനും വിരുദ്ധമായ വ്യവസ്ഥയാണ് ആധാരത്തിൽ ചേർത്തിട്ടുള്ളതെന്ന് കരുതുന്നില്ല എന്നും 1612/11 നമ്പർ ആധാരത്തിൽ ഷോപ്പിംഗ് കോംപ്ലക്സിലേക്കുള്ള യാതൊരു വഴിയും പഞ്ചായത്ത് തടസ്സപ്പെടുത്തുവാനോ ഷോപ്പിംഗ് കോംപ്ലക്സിന് തടസ്സം വരുന്ന വിധം നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് പഞ്ചായത്തിന് യാതൊരു അധികാരവും ഇല്ലാത്തതുമാണെന്ന നിശ്ചയങ്ങളാണ് ഉൾപ്പെടുത്തിയത്. കെട്ടിട നിർമ്മാണ നിയമ പ്രകാരമുള്ള അനുമതിയോടെ നിർമ്മിക്കുന്ന ശ്രീ.ടി.ടി.കെ അഹമ്മദ് ഹാജി എന്നിവരുടെ കെട്ടിടത്തിലേക്ക് പൊതു റോഡിൽ നിന്നും നേരിട്ട് വഴിയുള്ളതാണ്. പഞ്ചായത്തിന് വിട്ടു തന്ന സ്ഥലത്ത് ടിയാന്റെ കെട്ടിടത്തിന് തടസ്സം വരുന്ന രീതിയിൽ കെട്ടിടം നിർമ്മിക്കരുതെന്ന് ആധാരത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. പഞ്ചായത്ത് നിർമ്മിക്കുന്ന കെട്ടിടങ്ങളും

പഞ്ചായത്ത് രാജ് നിയമങ്ങൾക്കും കെ.പി.ബി.ആർ നും വിധേയമായി മാത്രമേ നിർമ്മിക്കാൻ കഴിയുകയുള്ളൂ. കുറ്റാരോപണ പത്രികയിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ലംഘനം, കെ.പി.ബി.ആർ ലംഘനം എന്നിവ പരാമർശിക്കുന്നുണ്ടെങ്കിലും ഏത് തരത്തിലുള്ള ലംഘനമാണ് നടത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ലെന്ന് നിരീക്ഷിക്കുന്നു. കേരള ലാന്റ് റിലിങ്കിഷ്മെന്റ് നിയമം പഞ്ചായത്തിന് ബാധകമല്ലെന്ന് 06.03.1995 ലെ 22034 സി.ടി/എൽഎഡി നമ്പർ സർക്കുലറിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതിനാൽ കേരള ലാന്റ് റിലിങ്കിമെന്റ് നിയമം ലംഘിച്ചു എന്ന ആരോപണവും നില നിൽക്കുന്നതല്ല എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ശ്രീ.പ്രസാദ്.പി.ടി തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതല ഏറ്റെടുക്കുന്നതിന് മുമ്പേ ബസ് സ്റ്റാന്റിനായി തീരുമാനം കൈകൊള്ളുകയും സ്ഥലം ഏറ്റെടുക്കുകയും ചെയ്തിരുന്നു എന്നും 1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്ക സ്ഥലങ്ങൾ, വിരാമ സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹന സ്റ്റാന്റുകൾ) ചട്ടങ്ങൾ പ്രകാരം ബസ് സ്റ്റാന്റിൽ യാത്രക്കാർക്കും മോട്ടോർ വാഹനത്തിനും ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾക്ക് പുറമേ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കൂടി നിർമ്മിക്കുന്ന രീതിയിൽ തയ്യാറാക്കിയ ലേ ഔട്ടിന് 06.05.2016 തീയതിയിലെ ഡി1-6062/2015/സിഡിഎസ് നമ്പർ ഉത്തരവ് പ്രകാരം മുഖ്യ നഗരാസൂത്രകൻ അനുമതി നൽകിയിട്ടുള്ളതാണ്. തുടർന്ന് 21.2.2016 ന് 218/16 നമ്പർ ആയി കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുമുണ്ട്. ആയതിനാൽ ഭരണ സമിതിയുടെ നയപരമായയും നിയമ വിരുദ്ധമല്ലാത്തതുമായ തീരുമാന പ്രകാരം തുടർ പ്രവർത്തനവുമായി മുന്നോട്ട് പോയ സെക്രട്ടറിയുടെ മേൽ പഞ്ചായത്തിന് ലഭിച്ച സ്ഥലത്തിൽ ഒരു ബസ്സ്റ്റാന്റും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കേണ്ടുന്നതായി യാതൊരു സാഹചര്യവും കാണുന്നില്ല എന്ന ആരോപണം ഉന്നയിക്കുന്നത് ഉചിതമല്ലെന്നും സാമാന്യ നീതിക്ക് വിരുദ്ധവുമാണെന്നും ഗ്രാമപഞ്ചായത്തിന്റെ ചുമതലയുമായി ബന്ധപ്പെട്ട് വരുന്ന കാര്യത്തിൽ വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ച പ്രസ്തുത നിരീക്ഷണത്തോട് യോജിക്കുന്നതിന് സാധിക്കുകയില്ല എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ഒരു പ്രദേശത്ത് വികസനം കൊണ്ട് വരുമ്പോൾ തൊട്ടടുത്ത സ്ഥലമുടമകൾക്ക് കെട്ടിട ഉടമകൾക്ക് അതിന്റെ ഫലം ലഭ്യമാവും എന്ന തരത്തിലുള്ള സ്വാഭാവിക ഗുണം മാത്രമാണ് ഗ്രാമപഞ്ചായത്തിന് സൗജന്യമായി സ്ഥലം വിട്ടു നൽകിയ വ്യക്തിക്ക് ലഭിച്ചതെന്നും, സ്ഥലം വിട്ടു നൽകിയവർക്ക് മാത്രമല്ല സമീപത്തുള്ള മറ്റ് സ്ഥലമുടമകൾക്കും ആയതിന്റെ ഫലം ലഭ്യമാകുമെന്നും ആയതിനാൽ പഞ്ചായത്ത് തയ്യാറാക്കിയ 85 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ നടത്തിയാൽ ആയതിന്റെ മുഴുവൻ ഗുണവും ഭൂമി വിട്ടു നൽകിയ സ്വകാര്യ വ്യക്തികൾ നിർമ്മിച്ച് കൊണ്ടിരിക്കുന്ന കെട്ടിടത്തിനും ഭൂമിയ്ക്കുമാണ് എന്നും ആയതിനാൽ ബസ്സ്റ്റാന്റ് നിർമ്മാണാവശ്യത്തിലേക്ക് ഭൂമി ലഭിയ്ക്കുന്നതിലേക്ക് വേണ്ടി നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായും നിബന്ധനകൾ അനുവദിച്ചുകൊണ്ടും ആധാരം രജിസ്റ്റർ ചെയ്യാൻ പഞ്ചായത്ത് ഭരണസമിതിയും സെക്രട്ടറിമാരും കൂട്ടു നിന്നത് സ്വകാര്യ വ്യക്തികളുടെ വാണിജ്യ താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിമാത്രമാണെന്ന ആരോപണവും ശരിയല്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

പ്രസ്തുത സ്ഥലങ്ങൾ ലഭ്യമായത് വഴി 40 സെന്റ് സ്ഥലം പഞ്ചായത്തിന് സൗജന്യമായി ലഭിച്ചിട്ടുണ്ട്. ഫെയർ വാല്യു മാർക്കറ്റ് വില എന്നിവ പരിഗണിക്കുമ്പോൾ സ്ഥലത്തിന് ലക്ഷങ്ങൾ വില വരുന്നതാണ്. തിരുവള്ളൂർ പഞ്ചായത്തിന്റെ ടൗണിന്റെ നടുക്ക് ആയഞ്ചേരി പേരാമ്പ്ര റോഡിന്റെ സംഗമ സ്ഥലത്താണെന്നതിനാൽ പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ ഇടമാണെന്നും, ഇത്രയും തുക

ചെലവഴിച്ച് സ്ഥലം വാങ്ങി ബസ് സ്റ്റാന്റ് നിർമ്മിക്കാൻ പഞ്ചായത്തിന് സാധിക്കാതിരുന്നതിനാലുമാണ് പഞ്ചായത്ത് മറ്റ് വഴികൾ തേടിയതെന്നും നയപരമായ തീരുമാനമെടുത്തതെന്നും, പഞ്ചായത്ത് എടുത്ത നയപരമായ തീരുമാന പ്രകാരം നടപടികൾ എടുക്കുക മാത്രമേ ചെയ്തിട്ടുള്ളൂ എന്നുള്ള ശ്രീ.പ്രസാദ്.പി.ടി യുടെ വാദം തികച്ചും ന്യായമാണെന്നും ഏത് വികസന പ്രവർത്തനങ്ങൾക്കും സൗജന്യമായി ഭൂമി ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ നടപടികൾ സ്വീകരിക്കുക സ്വാഭാവികമാണെന്നും ഇത്തരത്തിലുള്ള തീരുമാനങ്ങളാണ് തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളതെന്നും ആധാരം രജിസ്റ്റർ ചെയ്യാൻ പഞ്ചായത്ത് ഭരണസമിതിയും സെക്രട്ടറിമാരും ചെയ്തത് എന്നും ഗ്രാമപഞ്ചായത്തിലെ വികസന പ്രവർത്തനത്തിൽ ഒപ്പം നിൽക്കുകയാണ് മുൻ സെക്രട്ടറിയും പിന്നീട് സെക്രട്ടറിയുടെ ചുമതല വഹിച്ച ശ്രീ.പ്രസാദ്.പി.ടി എന്നവരും സ്വീകരിച്ചിട്ടുള്ളതെന്നും ഗ്രാമപഞ്ചായത്തിന് യാതൊരു നഷ്ടവും ഈ ഭൂമി ലഭ്യമായത് മൂലം സംഭവിച്ചിട്ടില്ലെന്ന് മാത്രമല്ല ഗ്രാമപഞ്ചായത്തിലെ ഏറ്റവും അനുയോജ്യമായ സ്ഥലം തന്നെയാണ് ലഭ്യമായതെന്നും മേൽ സാഹചര്യത്തിൽ ടിയാനെതിരെ ആരോപിക്കപ്പെട്ട ആരോപണങ്ങൾ നിലനിർത്തപ്പെടേണ്ടതല്ലെന്നും ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ലഭ്യമായ രേഖകളുടെയും ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ കുറ്റാരോപിതൻ എതിർ വാദ പത്രികയിൽ സൂചിപ്പിച്ചിട്ടുള്ള വസ്തുതകൾ അതേപടി പകർത്തിയിരിക്കുന്നതായാണ് കാണുന്നത്. മാത്രമല്ല വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ വീഴ്ചകൾ പരിശോധിക്കുകയോ അതിന്മേലുള്ള അഭിപ്രായം രേഖപ്പെടുത്തിയതായോ കാണുന്നില്ല. അന്വേഷണം ഏകപക്ഷീയമായും (Ex parte) വസ്തുതകൾ ശരിയാം വിധം വിലയിരുത്താതേയുമാണ് നടത്തിയത് എന്ന് പ്രത്യക്ഷത്തിൽ തന്നെ വ്യക്തമാണ്. എന്നിരുന്നാലും ഇക്കാര്യം പരിശോധിച്ചതിൽ വ്യക്തമായ വസ്തുത ഇവയാണ്-; സ്ഥലം വിലക്കു വാങ്ങുന്നത് തന്നെ ഭാരിച്ച സാമ്പത്തിക ചെലവ് വരുമെന്നതിനാൽ ഏത് വികസന പ്രവർത്തനങ്ങൾക്കും സൗജന്യമായി ഭൂമി ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ നടപടികൾ സ്വീകരിക്കുക സ്വാഭാവികമാണ്. ഇത്തരത്തിലുള്ള തീരുമാനങ്ങളാണ് തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളതെന്ന് കാണാവുന്നതാണ്. ആധാരം രജിസ്റ്റർ ചെയ്യാൻ പഞ്ചായത്ത് ഭരണസമിതിയും സെക്രട്ടറിമാരും കൂട്ടു നിന്നത് സ്വകാര്യ വ്യക്തികളുടെ വാണിജ്യ താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി മാത്രമാണെന്ന ആരോപണത്തോട് പൂർണ്ണമായും യോജിക്കാൻ കഴിയില്ല. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിൽ ഒപ്പം നിൽക്കുകയാണ് മുൻ സെക്രട്ടറിയും പിന്നീട് സെക്രട്ടറിയുടെ ചുമതല വഹിച്ച ശ്രീ.പ്രസാദ് പി ടി എന്നവരും സ്വീകരിച്ചിട്ടുള്ളതെന്ന് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിന് യാതൊരു നഷ്ടവും ഈ ഭൂമി ലഭ്യമായത് മൂലം സംഭവിച്ചിട്ടില്ല. എന്നു മാത്രമല്ല വികസന പ്രവർത്തനങ്ങൾക്ക് ടി ഭൂമി വളരെ ഗുണകരമാവുന്നതുമാണ് എന്ന് കാണാവുന്നതാണ്. മേൽ സാഹചര്യത്തിൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ.പി.ടി.പ്രസാദിനെതിരെ ശിക്ഷണ നടപടി സ്വീകരിക്കാൻ തക്ക വീഴ്ചകൾ ഉണ്ടായിട്ടില്ല എന്ന് വിലയിരുത്തി ടിയാനെതിരെ ആരംഭിച്ച വകുപ്പുതല അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യൂ

അഡിഷണൽ സെക്രട്ടറി

1. ശ്രീ.പി.ടി.പ്രസാദ് മുൻ സെക്രട്ടറി, തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
6. വിജിലൻസ് വകുപ്പ്
7. ഡയറക്ടർ,ഐ.കെ.എം, തിരുവനന്തപുരം.
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.16/ഇപിബി3/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം
**Signed by Sudheer S S**
**Date: 30-05-2022 11:45:41**

സെക്ഷൻ ഓഫീസർ